"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പാലക്കാട് മനിശ്ശേരി എ.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.വിഷ്ണു കെ.എം. ഫയൽ ചെയ്ത റിട്ട് ഹർജി നം.47915/2025-ൽ 09.01.2026 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2431/2026/GEDN തീയതി,തിരുവനന്തപുരം, 30-03-2026

---

പരാമർശം:-

1. 47915/2025-ൽ 09.01.2026 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം
2. ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.02.2026ലെ എഇഒഒറ്റപി/1027/2025-ഡി നമ്പർ റിപ്പോർട്ട്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18.02.2026 തീയതിയിലെ DGE/2292/2026-G1 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

പാലക്കാട് മനിശ്ശേരി എ.യു.പി. സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.വിഷ്ണു കെ.എം. ഫയൽ ചെയ്ത റിട്ട് ഹർജി നം.47915/2025-ൽ 09.01.2026 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം, എക്സിബിറ്റ് പി10 ഉത്തരവ് റദ്ദ് ചെയ്ത്, ഹർജിക്കാരന്റെ നിയമനം 01.06.2021 മുതൽ 30.04.2022 വരെയും, 01.06.2023 മുതൽ ദിവസവേതനത്തിൽ അംഗീകരിച്ച നിയമനവും ഉൾപ്പടെ സ്ഥിര നിയമനമായി ശമ്പള സ്കെയിലിൽ (Scale of Pay) അംഗീകരിക്കണമെന്ന ആവശ്യം പുനഃപരിശോധിച്ച് 3 മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 19.02.2026 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. മനിശ്ശേരി എ.യു.പി. സ്കൂളിലെ സ്ഥിരം ഓഫീസ് അറ്റൻഡന്റായിരുന്ന ശ്രീ. വിഷ്ണുശങ്കർ

വി.കെ. പഠനാവശ്യാർത്ഥം 25.01.2021 മുതൽ 30.04.2022 വരെ ശൂന്യവേതന അവധി (LWA) എടുത്തിരുന്നു. പ്രസ്തുത ദീർഘകാല അവധി ഒഴിവിൽ, മാനേജർ ശ്രീ.വിഷ്ണു കെ.എം.-നെ 01.06.2021 മുതൽ 30.04.2022 വരെ (11 മാസം) ഓഫീസ് അറ്റൻഡന്റായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ആയത് ചുവടെ ചേർത്ത കാരണങ്ങളാൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും നിരസിച്ചിരുന്നു.

i) നിയമന അപേക്ഷ 01.06.2021-ലെ നിയമനത്തിന് ശേഷം 16.06.2021-ന് സമന്വയ മുഖേന സമർപ്പിച്ചതിലുണ്ടായ ഒരു ദിവസത്തെ കാലതാമസം മാപ്പാക്കുന്നതിനുള്ള വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

ii) ശ്രീ.വിഷ്ണുശങ്കർ വി.കെ.-യുടെ പഠനാവശ്യത്തിനുള്ള ശൂന്യവേതന അവധി അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് അന്നേ സമയം ലഭ്യമല്ലാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

4. തുടർന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീൽ പുനഃപരിശോധിക്കാൻ നിർദ്ദേശം നല്കിയിരുന്നു. കൂടാതെ ഹർജിക്കാരൻ സർക്കാരിലേക്ക് സമർപ്പിച്ച പുനഃപരിശോധന ഹർജി, സ.ഉ.(സാധാ) നം. 6111/2025/GEDN തീയതി 01.09.2025 പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു, പ്രസ്തുത ഉത്തരവ് പ്രകാരം 01.06.2021 മുതൽ 30.04.2022 വരെ ശ്രീ. വിഷ്ണു കെ.എം.-ന്റെ നിയമനം ദിവസവേതന അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് നിർദ്ദേശം നൽകി.

5. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ ഹർജിക്കാരൻ വീണ്ടും ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, WP(C) No. 47915/2025-ലെ 01.09.2025 തീയതി വിധിന്യായത്തിൽ, ദിവസവേതന നിയമനമായി മാത്രം അംഗീകരിക്കണമെന്ന സർക്കാർ ഉത്തരവ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.

6. 01.06.2021-ൽ സംസ്ഥാനത്തെ സംരക്ഷിത ഓഫീസ് അറ്റൻഡന്റുമാർ ആരും തന്നെ പുനർ വിന്യസിക്കുവാൻ ഇല്ല എന്നു വ്യക്തമാക്കുന്ന വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടികൾ പരിഗണിച്ച്, യോഗ്യരായ സംരക്ഷിത അനധ്യാപകർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ 01.06.2021 മുതൽ 30.04.2022 വരെയും, കൂടാതെ 01.06.2023 മുതൽ തുടർന്നും, അപേക്ഷകന്റെ നിയമനം സ്കെയിൽ ഓഫ് പേയിൽ അംഗീകരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനാണ്

ബഹു.ഹൈക്കോടതി സർക്കാരിനു നിർദ്ദേശം നൽകിയിരിക്കുന്നത്.

7. ശ്രീ. വിഷ്ണുശങ്കർ വി.കെ.-യുടെ പഠനാവശ്യത്തിനുള്ള ശൂന്യവേതന അവധി 25.01.2021 മുതൽ 30.04.2022 വരെ നീളുന്നതിനാൽ, പ്രസ്തുത ഒഴിവ് ഒരു അക്കാദമിക് വർഷത്തിൽ അധികമാണ്. എയ്ഡഡ് സ്കൂളുകളിൽ 30 ദിവസത്തിലധികമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്താവുന്നതാണെങ്കിലും, ഒരു അക്കാദമിക് വർഷത്തിൽ കുറവുള്ള ഒഴിവുകളിൽ മാത്രമേ അത്തരം നിയമനം അനുവദനീയമായുള്ളൂ. KER Chapter XXI Rule 7(4) പ്രകാരം, ഒരു അക്കാദമിക് വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകൾ സംരക്ഷിത ജീവനക്കാരെ (Teacher Bank) ഉപയോഗിച്ചാണ് നികത്തേണ്ടത്.

ii) സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ട തസ്തികകളിലേക്ക് നിയമനത്തിനായി മാനേജർമാർ നിയമാനുസൃതം സംരക്ഷിത അദ്ധ്യാപകരെ ആവശ്യപ്പെടുകയും ജില്ലാ തലത്തിൽ അവരെ നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സംരക്ഷിത അദ്ധ്യാപകരെ ലഭ്യമാകുന്നത് വരെ പ്രസ്തുത സ്കൂളുകളിലെ അത്തരം ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

സംരക്ഷിത ജീവനക്കാരെ നിയമിക്കാനുള്ള ചട്ടപരമായ നടപടിക്രമങ്ങൾ മാനേജർ ലംഘിച്ച സാഹചര്യത്തിൽ, ദീർഘകാല ഒഴിവിലാണെങ്കിൽ പോലും ആ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കാൻ നിയമപരമായി സാധിക്കില്ല. അതിനാൽ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത നിയമനം ദിവസവേതനാടിസ്ഥാനത്തിൽ മാത്രം അംഗീകരിച്ചത് ചട്ടപരമായ നടപടിയായിരുന്നു.

iii) Rule 7(10) പ്രകാരം സംരക്ഷിത നിയമന വ്യവസ്ഥകൾ അനധ്യാപക ജീവനക്കാർക്കും ബാധകമാണ്.

iv) ഹർജിക്കാരൻ ഹാജരാക്കിയ വിവരാവകാശ മറുപടികൾ, KER നിർദേശിക്കുന്ന പകരമായി ഔദ്യോഗിക പരിഗണിക്കുവാൻ നടപടിക്രമത്തിന് കഴിയില്ല. സംസ്ഥാനത്ത് സംരക്ഷിത ജീവനക്കാർ ലഭ്യമല്ല എന്ന് കാണിക്കുന്ന വിവരാവകാശ രേഖകൾ (RTI), മാനേജർ പാലിക്കേണ്ട ഔദ്യോഗിക നടപടിക്രമത്തിന് (Formally seeking list from DDE) ഒരിക്കലും പകരമാവില്ല.

v) മനിശ്ശേരി എ.യു.പി. സ്കൂളിൽ ഒരേയൊരു Office Attendant തസ്തിക മാത്രമാണുള്ളത്, ശ്രീ

വിഷ്ണു കെ.എം.ന്റെ ദീർഘകാല അവധി ഒഴിവിലെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കുന്ന പക്ഷം 51 എ മുൻഗണന അവകാശം ഉണ്ടാവുകയും ജി.ഒ(പി) 111/2022/പൊ.വി.വ തീയതി 25.06.2022 പ്രകാരം, പ്രസ്തുത നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണം ബാധകമല്ല.

vi) നിലവിൽ മനിശ്ശേരി എ.യു.പി. സ്കൂൾ മാനേജർ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

8. ഹർജിക്കാരന് ശമ്പള സ്കെയിലിൽ അംഗീകാരം നൽകുന്നത് KER ചട്ടം 51A പ്രകാരമുള്ള മുൻഗണനാ അവകാശങ്ങൾ ലഭിക്കാൻ കാരണമാകും എന്നും ഇത് ഭാവിയിൽ സംരക്ഷിത ജീവനക്കാരെയും, ഭിന്നശേഷിക്കാരെയും നിയമിക്കാനുള്ള സർക്കാരിന്റെയും മാനേജരുടെയും ചട്ടപരമായ ബാധ്യതയെ എന്നെന്നേക്കുമായി ഇല്ലാതാക്കും എന്നും, മാനേജരുടെ നടപടിക്രമപരമായ വീഴ്ചകൾക്ക് ശമ്പള സ്കെയിലിൽ ഹർജിക്കാരന് അംഗീകാരം നൽകുന്നതു വഴി നിയമസാധുത നൽകുന്ന തെറ്റായ കീഴ്വഴക്കമാകാനുള്ള സാധ്യതയുണ്ടാകുന്നതാണ്.

9. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ, മേൽപ്പറഞ്ഞ വസ്തുതകളും നിലവിലുള്ള KER ഉത്തരവുകളും ചട്ടങ്ങളും, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അടിസ്ഥാനമാക്കി വിശദമായി പരിശോധിച്ചതിൽ, ഹർജിക്കാരന്റെ നിയമനം ഒരു അക്കാദമിക് വർഷത്തിൽ അധികമുള്ള ദീർഘകാല അവധി ഒഴിവിലായതിനാൽ, ശമ്പളസ്കെയിലിൽ റെഗുലർ നിയമനം അംഗീകരിക്കുവാൻ നിലവിലെ KER ചട്ട പ്രകാരം വ്യവസ്ഥയില്ല. ആയതിനാൽ ഹർജിക്കാരന്റെ ആവശ്യം നിരസിച്ച്, അപ്രകാരം ശ്രീ.വിഷ്ണു കെ.എം. ഫയൽ ചെയ്ത റിട്ട് ഹർജി നം.47915/2025-ൽ 09.01.2026 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA S GEORGE

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)

ശ്രീ.വിഷ്ണു കെ.എം., ഓഫീസ് അറ്റൻഡന്റ്, എ.യു.പി. സ്കൂൾ മനിശ്ശേരി, പാലക്കാട്- 679 521

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

അഡീഷണൽ ഡയറക്ടർ (അക്കാദമിക്ക്), പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 30-03-2026 15:20:07

പകർപ്പ്:

ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.